1·T

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 61  13.06.2012 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ - ഉന്നതാധികാര സമിതി റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തണമെന്ന് കാണിച്ച് ഉന്നതാധികാര സമിതി സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമർപ്പിക്കപ്പെട്ട റിപ്പോർട്ടിനോടുള്ള സർക്കാരിന്റെ നിലപാട് വെളിപ്പെടുത്താമോ; | (എ) & (ബി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ട്രക്ച്ചറൽ ആയിട്ടും ഹൈഡ്രോളജിക്കലി ആയിട്ടും സെസ്മിക്കിലി ആയിട്ടും മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണ് എന്ന ഉന്നതാധികാര സമിതിയുടെ നിലപാടിനോട് കേരളം യോജിക്കുന്നില്ല. 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ ഡാം സുരക്ഷിതമല്ലായെന്ന ഖണ്ഡിതമായ നിലപാട് തന്നെയാണ് |

**(ബി)** സംസ്ഥാന താൽപ്പര്യം സംരക്ഷിക്കാനായി എന്ത് നടപടിയെടു ക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

കേരളത്തിനുമുള്ളത്. പുതിയ ഡാം എന്ന നിർദ്ദേശം നടപ്പാക്കണമെന്ന് തന്നെയാണ് കേരളത്തിന്റെ നിലപാട്. പുതിയ ഡാമിന്റെ നിർമ്മാണത്തിനുള്ള പല വ്യവസ്ഥകളോടും വിയോജിപ്പ് ഉണ്ടെങ്കിലും പുതിയ ഡാം നിർമ്മിക്കണമെന്ന നിർദ്ദേശത്തോട് യോജിക്കുന്നു. ടണൽ നിർമ്മാണത്തെ സംബന്ധിച്ച നിർദ്ദേശം അപ്രായോഗികമാണ്.

നിയമ വിദഗ്ധരും സാങ്കേതിക വിദഗ്ധരുമായി ആലോചിച്ച് സംസ്ഥാനത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ